II ഇ.ബി. XIII കേരള നിയമസഭ/V-27

**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

**2012 ജൂലൈ 25, ബുധൻ**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**94 (*811) സപ്തധാരാ പദ്ധതി**

പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ) നൽകിയ മറുപടിയിൽ, ബഡ്ജറ്റിൽ വിഭാവനം ചെയ്ത സ്കീമുകളുമായി ബന്ധപ്പെടുത്തി നടപ്പാക്കുന്ന സപ്തധാരാ പദ്ധതിയിൽ 15 ടൂറിസം വികസന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും 2011-12, 2012-13 വർഷങ്ങളിലായി യഥാക്രമം 182.49 കോടി രൂപയും 171.91 കോടി രൂപയും പദ്ധതി വിഹിതമായി ലഭിച്ചതിൽ 172.54 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കോവളം ടൂറിസം കേന്ദ്രത്തിൽ ശുദ്ധജലമെത്തിക്കുന്നതിനായി 15 കോടി രൂപയുടെ ടെൻഡർ നടപടികൾ നടന്നുവരുന്നതോടൊപ്പം ശുചിത്വ മിഷനുമായി ചേർന്ന് 1400 വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും പ്രധാനപ്പെട്ട ഡെസ്റ്റിനേഷനുകൾ മാലിന്യവിമുക്തമാക്കുന്നതിന്റെ ആദ്യഘട്ട പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. കുമരകത്തെ

അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതോടൊപ്പം കായലിനോട് ചേർന്ന് പാത്ത്‌വേ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ജലാശയങ്ങളെ ഉപയോഗിച്ച് ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി എറണാകുളത്ത് യോട്ടിംഗ് മത്സരത്തിനും കൊച്ചിയിൽ ക്രൂയിസിംഗിനും തുടക്കം കുറിക്കുന്നതാണ്. അഷ്ടമുടിക്കായലിൽ ടൂറിസം വികസന പദ്ധതികൾ നടപ്പാക്കുന്നതും കൊല്ലത്തെ ടൂറിസം ഡെസ്റ്റിനേഷനാക്കി മാറ്റുന്നതുമാണ്. പൂമരച്ചാലിൽ ടൂറിസം പ്രോജക്ട് നടപ്പാക്കുന്ന കാര്യം പരിശോധിക്കുന്നതും തലശ്ശേരി ഹെറിറ്റേജ് ടൂറിസം പദ്ധതി നടപ്പാക്കുന്നതുമാണ്. ഈ സർക്കാർ അധികാരമേറ്റശേഷം വയനാട്ടിലെ ടൂറിസം വികസന പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കാരാപ്പുഴ പ്രോജക്ടിന് 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിരപ്പിള്ളിയിൽ റോപ്പ് വേ നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. വിവിധ ഡിപ്പാർട്ടുമെന്റുകളുമായി ആലോചിച്ച് ഹോം സ്റ്റേകളുടെ നടത്തിപ്പ് സംബന്ധിച്ച ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതാണ്. പൊന്മുടിയിലെ ഗസ്റ്റ് ഹൗസ് പുതുക്കിപ്പണിയുന്നതിന് 4 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും അപ്പർ പൊന്മുടിയിൽ അമിനിറ്റി സെന്ററിന്റെ പണി പൂർത്തിയായിട്ടുണ്ടെന്നും ടൂറിസം സർക്ക്യൂട്ട് ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണന്നും മന്ത്രി വ്യക്തമാക്കി. പാതിരാമണലിൽ ടൂറിസം പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച് അഭിപ്രായ സമന്വയമുണ്ടാക്കുന്നതാണെന്നും ആരാധനാലയങ്ങളെ ഉൾപ്പെടുത്തി മൾട്ടി ഫെയിത്ത് പിൽഗ്രിം ടൂറിസം പാക്കേജ് നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**95 (*812) <u>പ്രാദേശിക കുടിവെള്ള വിതരണത്തിന് കമ്പനി</u>**

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) നൽകിയ മറുപടിയിൽ, മിതമായ നിരക്കിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി സിയാൽ മോഡലിൽ നാല് കമ്പനികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കുടിവെള്ള വിതരണം സ്വകാര്യ മേഖലയ്ക്ക് കൈമാറുകയില്ല. ലോകബാങ്കിന്റെ സഹായത്തോടെ ഏകദേശം 1100 കോടി രൂപ ചെലവിൽ 8 ജില്ലകളിൽ ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ജപ്പാൻ കുടിവെള്ള പദ്ധതി ഈ വർഷംതന്നെ പൂർത്തിയാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**96 (*813) <u>പോസ്റ്റ്മോർട്ടം നടത്തുന്ന സമയം</u>**

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) നൽകിയ മറുപടിയിൽ, സർക്കാർ മെഡിക്കൽ കോളേജുകളിലും മോർച്ചറി സൗകര്യമുള്ള ആശുപത്രികളിലും രാവിലെ 9 മുതൽ വൈകുന്നേരം 4 മണിവരെ അപേക്ഷ സ്വീകരിച്ച് നിശ്ചിത സമയത്തിനുള്ളിൽ പോസ്റ്റ്മോർട്ടം നടത്തുന്നുണ്ടെന്ന് സഭയെ അറിയിച്ചു. രാത്രികാലങ്ങളിൽ നടത്തുന്ന പോസ്റ്റുമോർട്ടത്തിന്റെ ആധികാരികത കോടതിയിൽ ചോദ്യം ചെയ്യപ്പെടുന്നതിനാൽ പോസ്റ്റുമോർട്ടം പകൽ വെളിച്ചത്തിൽ നടത്തണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. 22-10-2011-ലെ ഉത്തരവുപ്രകാരം മെഡിക്കോ ലീഗൽ കോഡ് പരിഷ്കരിക്കുന്നതിന് ആരോഗ്യം/നിയമം/ആഭ്യന്തരം എന്നീ വകുപ്പുകളുടെ പ്രതിനിധികൾ, മെഡിക്കോ ലീഗൽ വിദഗ്ദ്ധർ തുടങ്ങിയ വരടങ്ങിയ കമ്മിറ്റി രൂപീകരിക്കുന്നതിന് ആഭ്യന്തര വകുപ്പ് നടപടി സ്വീകരി

ച്ചിട്ടുണ്ട്. രാത്രികാലങ്ങളിൽ പോസ്റ്റുമോർട്ടം നടത്തുന്നതിനുള്ള നിയമ/ സാങ്കേതിക വശങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രസ്തുത കമ്മിറ്റിക്ക് നിർദ്ദേശം നൽകുന്നതും അത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. കൂടുതൽ പോലീസ് സർജന്മാരെ നിയമിക്കുന്നതു സംബന്ധിച്ച് ആലോചിക്കാവുന്നതാണെന്നും മോർച്ചറികൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**97 (*814) <u>സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ</u>**

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 508 സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ വിവിധ ജില്ലാ ആശുപത്രികളിൽ സേവനമനുഷ്ഠിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. സ്പെഷ്യാലിറ്റി കേഡറിലെ ജൂനിയർ കൺസൾട്ടന്റുമാരുടെ ഒഴിവുകൾ പി.എസ്.സി. മുഖേനയും സർവ്വീസിൽ പി.ജി. യോഗ്യത നേടിയ ഡോക്ടർമാരിൽ നിന്ന് ഓപ്ഷൻ സ്വീകരിച്ചും ചീഫ് കൺസൾട്ടന്റ്, സീനിയർ കൺസൾട്ടന്റ്, കൺസൾട്ടന്റ് എന്നീ തസ്തികകളിലെ ഒഴിവുകൾ സ്ഥാനക്കയറ്റം നൽകിയും നികത്തുന്നതാണ്. അടിയന്തിര ഘട്ടങ്ങളിൽ അഡ്ഹോക് വ്യവസ്ഥയിലുള്ള നിയമനവും വിരമിച്ച ഡോക്ടർമാരുടെ സേവനവും ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം 993 ഡോക്ടർമാരെ നിയമിച്ചിട്ടുണ്ടെന്നും ബാക്കിയുള്ള 676 ഡോക്ടർമാരുടെയും 210 നഴ്സുമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഒഴിവുകൾ പി.എസ്.സി. മുഖേന നികത്തുന്നതാണെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി 815 മുതൽ 840 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 8155 മുതൽ 8419 വരെയുള്ള ചോദ്യങ്ങളിൽ 42 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)